പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3257 25 .06.2012 - ലെ മറുപടിക്ക്

പി.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) പി.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും റാങ്ക് ലിസ്റ്റുകൾ താമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) എല്ലാ തസ്തികകളുടെ അപേക്ഷകളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അയക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് സ്വയം ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. പി.എസ്.സി. ഉദ്യോഗസ്ഥർ നേരിട്ട് പരീക്ഷാകേന്ദ്രത്തിലെത്തി പരീക്ഷാ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു. പരീക്ഷ കഴിഞ്ഞയുടനെ ഉത്തര സൂചികകൾ പ്രസിദ്ധീകരിക്കുന്നു. ഉദ്യോഗാർത്ഥികളുടെയും വിദഗ്ദ്ധരുടെയും ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച് പരിശോധന നടത്തിയ ശേഷം അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയം നടത്തുകയും ചെയ്യുന്നു. അപേക്ഷകർക്ക് തങ്ങളുടെ ഒ.എം.ആർ ഉത്തര പത്രിക നിശ്ചിത ഫീസടച്ച് നേടാവുന്നതാണ്. ഹാൾടിക്കറ്റുകൾ വെബ്സൈറ്റിൽ ഡൗൺലോഡ് ചെയ്യുന്നതിന് സജ്ജമായാൽ ആ വിവരം മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികളെ എസ്.എം.എസ് മുഖേന അറിയിക്കുന്നു. ഉദ്യോഗാർത്ഥികളുടെ ചോദ്യങ്ങൾക്ക് ഫോണിൽ കൂടി മറുപടി നൽകുന്നതിനായി ആസ്ഥാന ഓഫീസിൽ ഒരു |

കോം സെന്റർ പ്രവർത്തനം ആരംഭിച്ചു. ഓരോ മാസത്തേയും പരീക്ഷാ കലണ്ടർ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ, ഇന്റർവ്യൂ എന്നിവക്ക് ലഭിച്ച മാർക്ക് കൂടി പ്രസിദ്ധീകരിക്കുന്നു. നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് ലഭ്യമായ മനുഷ്യ ശേഷി ഉപയോഗിച്ച് നിയമനത്തിനായുള്ള തിരഞ്ഞെടുപ്പ് നടപടികൾ ത്വരിതഗതിയിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 'ഒറ്റത്തവണ രജിസ്ട്രേഷൻ 'എന്ന പുതിയ സംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുള്ളതും പരീക്ഷകൾ ഓൺലൈനായി നടത്തുവാനുള്ള ആദ്യ ഘട്ട നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പി. എസ്.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പി. എസ്. സി. യിൽ പുതുതായി അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ?

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെ 163 അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ